പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1822 10.02.2020 -ലെ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി. റാന്നി ഓപ്പറേറ്റിംഗ് സെന്ററിന് കൂടുതൽ സർവ്വീസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ. എസ്. ആർ. ടി. സി. റാന്നി ഓപ്പറേറ്റിംഗ് സെന്ററിന് നിലവിൽ എത്ര ഷെഡ്യൂളുകളാണുള്ളത്; എത്ര ബസ്സുകൾ ഉണ്ട്; ഇവിടുത്തെ സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ; | (എ) | റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ നിലവിൽ 13 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. നിലവിൽ 16 ബസ്സുകളാണുള്ളത്.<br>ജീവനക്കാരുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>ഡ്രൈവർ - 23,<br>കണ്ടക്ടർ - 21,<br>മെക്കാനിക്ക് -9,<br>മിനിസ്റ്റീരിയൽ - 1 (ദിവസവേതനം),<br>ഗാർഡ് - 2 (ദിവസവേതനം).<br>ഷെഡ്യൂൾ റാഷണലൈസേഷനുശേഷം മാത്രമേ സ്റ്റാഫ് സ്ട്രങ്ത് ക്രമീകരിക്കുന്നതിന് കഴിയുകയുള്ളൂ. |
| (ബി) | ഏറെ യാത്രാക്ലേശം അനുഭവപ്പെടുന്ന മലയോര മേഖല എന്ന പരിഗണന നൽകി സെന്ററിന് കൂടുതൽ ബസ്സുകൾ അനുവദിക്കുന്നതിനും ജീവനക്കാരെ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | നിലവിൽ പുനഃരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട് സുശീൽ ഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ പഠന റിപ്പോർട്ട് പ്രകാരം മാത്രമേ കെ.എസ്.ആർ.ടി.സി.യിൽ പുതിയ ജീവനക്കാരെ നിയോഗിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ പുതിയ ജീവനക്കാരെ അനുവദിക്കുന്ന കാര്യത്തിൽ ഇപ്പോൾ തീരുമാനം എടുക്കാൻ നിർവ്വാഹമില്ല. റാന്നി ഓപ്പറേറ്റിംഗ് സെന്ററിൽ ലഭ്യമായ ഭൗതീക സാഹചര്യങ്ങൾ ഉപയോഗിച്ച് കൂടുതൽ ബസ്സുകൾ നല്കി കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കൂടാതെ നിലവിലുള്ള കെട്ടിടം പോലും ഒഴിഞ്ഞ് കൊടുക്കണമെന്ന് ബന്ധപ്പെട്ട തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനം കെ.എസ്.ആർ.ടി.സി.യോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. ടി സാഹചര്യത്തിൽ പ്രസ്തുത ആവശ്യത്തിന്മേൽ അനുകൂല തുടർനടപടികൾ സ്വീകരിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. |
| (സി) | അന്യസംസ്ഥാനത്തുനിന്നും ധാരാളം പേർ തൊഴിലിനും മറ്റ് ആവശ്യങ്ങൾക്കും റാന്നിയിലേക്ക് യാത്രചെയ്യുന്ന സാഹചര്യത്തിൽ സെന്ററിൽ നിന്നും തെങ്കാശിയിലേക്കും തേനി വഴി മധുരയ്ക്കും സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി അന്തർസംസ്ഥാന ഗതാഗത കരാർ വ്യവസ്ഥകൾ പ്രകാരമാണ് അന്തർസംസ്ഥാന സർവ്വീസുകൾ നടത്തി വരുന്നത്. നിലവിലുള്ള കരാറുകളിൽ റാന്നിയിൽ നിന്ന് തെങ്കാശി, മധുര, തേനി എന്നിവിടങ്ങളിലേയ്ക്ക് സർവ്വീസുകൾ പുതുതായി ആരംഭിക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്. |

**സെക്ഷൻ ഓഫീസർ**